"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കോവിഡ് 19 - ക്വാറന്റൈൻ കാലത്തെ ജീവനക്കാരുടെ അവധി സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിൽ പരാമർശിച്ചിട്ടുള്ള "സ്പെഷ്യൽ കാഷ്വൽ ലീവ്" എന്ന പേര് തിരുത്തി "സ്പെഷ്യൽ ലീവ് ഫോർ കോവിഡ്-19" എന്ന് തിരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.77/2022/DMD തീയതി,തിരുവനന്തപുരം, 22/01/2022

---

പരാമർശം:- 1. സ.ഉ(പി) നം.179/2021/ധന തീയതി 30.12.2021.

2. സ.ഉ(സാധാ) നം.70/2022/ഡി.എം.ഡി തീയതി 22/01/2022.

**<u>ഉത്തരവ്</u>**

സർക്കാർ അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്വാറന്റൈൻ കാലത്തെ അവധി സംബന്ധിച്ച് പരാമർശം (2) പ്രകാരം അനുവദിച്ചിരുന്ന ഉത്തരവിലെ "സ്പെഷ്യൽ കാഷ്വൽ ലീവ്" എന്നുള്ളത് "സ്പെഷ്യൽ ലീവ് ഫോർ കോവിഡ്-19" എന്ന് തിരുത്തി വായിക്കേണ്ടതാണ്.

2) പരാമർശം (2) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈൻ.എ.ഹക്ക്

അഡിഷണൽ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വിജിലൻസ് വകുപ്പ്

അഡീഷണൽ ചീഫ് സെക്രട്ടറി,റവന്യൂവും ദുരന്ത നിവാരണവും വകുപ്പ്

എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും

കമ്മീഷണർ,ലാൻഡ് റവന്യൂ, തിരുവനന്തപുരം

കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ വകുപ്പ് തലവൻമാർക്കും

മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ,തിരുവനന്തപുരം-33

എല്ലാ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും/ പൊതുമേഖലാ സ്ഥാപനങ്ങൾക്കും

വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് :-

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ദുരന്ത നിവാരണ വകുപ്പ് - കോവിഡ് 19 - സർക്കാർ അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്വാറന്റൈൻ കാലത്തെ സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.70/2022/DMD തീയതി,തിരുവനന്തപുരം, 22/01/2022

---

പരാമർശം:- 1. സ.ഉ(സാധാ) നം.634/2021/ഡി.എം.ഡി തീയതി 15/09/2021.

2. സ.ഉ(സാധാ) നം.662/2021/ഡി.എം.ഡി തീയതി 28/09/2021.

<u>ഉത്തരവ്</u>

പരാമർശിത ഉത്തരവുകളിൽ താഴെ പറയുന്ന പ്രകാരം ഭാഗികമായി ഭേദഗതി അംഗീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങളുടെ ഭാഗമായി കോവിഡ് രോഗികളുമായുള്ള പ്രാഥമിക സമ്പർക്കപ്പട്ടികയിൽ വരുന്ന സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പരാമർശം 1, 2 ലെ ഉത്തരവുകൾ പ്രകാരം അനുവദിച്ചിരുന്ന സ്പെഷ്യൽ കാഷ്വൽ ലീവ് ആനുകൂല്യം റദ്ദ് ചെയ്തു കൊണ്ട് ഉത്തരവാകുന്നു.

കോവിഡ് രോഗികളുമായി പ്രാഥമിക സമ്പർക്കത്തിൽ വരുന്ന ജീവനക്കാർ അക്കാര്യം ഓഫീസിൽ വെളിപ്പെടുത്തുകയും, സ്വയം നിരീക്ഷണം നടത്തുകയും, സാമൂഹിക അകലം അടക്കമുള്ള എല്ലാ കോവിഡ് മാനദണ്ഡങ്ങളും കൃത്യമായി ഓഫീസിൽ പാലിക്കുകയും ഏതെങ്കിലും തരത്തിലുള്ള രോഗ ലക്ഷണം ഉണ്ടായാൽ ആരോഗ്യ വകുപ്പിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം നടപടി സ്വീകരിക്കേണ്ടതുമാണ്.

പരാമർശം 1, 2 ഉത്തരവുകൾ മേൽ പ്രതിപാദിച്ച ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. വി പി ജോയ്

ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വിജിലൻസ് വകുപ്പ്

അഡീഷണൽ ചീഫ് സെക്രട്ടറി,റവന്യൂവും ദുരന്ത നിവാരണവും വകുപ്പ്

എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും

കമ്മീഷണർ,ലാൻഡ് റവന്യൂ, തിരുവനന്തപുരം

കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ വകുപ്പ് തലവൻമാർക്കും

മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ,തിരുവനന്തപുരം-33

എല്ലാ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും/ പൊതുമേഖലാ സ്ഥാപനങ്ങൾക്കും

വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി